# അനുസരണത്തിലൂടെ അനുഗ്രഹം

## ഉല്പത്തി 39:5

"അവൻ തന്റെ വീട്ടിന്നും തനിക്കുള്ള സകലത്തിന്നും അവനെ വിചാരകനാക്കിയതു മുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീട്ടിനെ അനുഗ്രഹിച്ചു; വീട്ടിലും വയലിലും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി."

അനുഗ്രഹം എന്നു കേൾക്കുമ്പോൾ തന്നെ ഏതൊരു വിശ്വാസിക്കും ഏറെ സന്തോഷം ജനിപ്പിക്കുന്ന കാര്യമാണല്ലോ. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിലെ ഏറ്റവും വലിയ അനുഗ്രഹം നമുക്ക് ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗം നാം ശ്രദ്ധിക്കുമ്പോൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തി മുഖാന്തരം കൂടെയുള്ള മറ്റുള്ളവർ കൂടി അനുഗ്രഹിക്കപ്പെടുവാൻ ഇടയായി എന്നു കാണാം.

ഏതൊരു അനുഗ്രഹത്തിന്റെ പിറകിലും ഒരു അനുസരണ മനോഭാവം നമുക്കുണ്ടാവണം. യോസേഫിന്റെ ജീവിതം അതിനൊരു ഉത്തമ ഉദാഹരണമാണ്. യോസേഫ് ഒരു ദർശനം പ്രാപിച്ച വ്യക്തി ജീവിതത്തിനുടമയായിരുന്നു. എന്നാൽ തന്റെ സ്വപ്നത്തെയൊക്കെ തകിടം മറിച്ചുകൊണ്ടുള്ള സാഹചര്യങ്ങളാണ് അവനുണ്ടായത്. തന്റെ പ്രിയ സഹോദരന്മാരാൽ പൊട്ടക്കിണറിൽ തള്ളപ്പെടുകയും തുടർന്ന് പോത്തിഫറിന്റെ ഭവനത്തിലേക്ക് വിൽക്കപ്പെടുന്നതുമായ ഒരു യോസേഫിനെയാണ് നാം കാണുന്നത്. ഈ ഒരവസ്ഥയിൽ തന്റെ മാനസികനില നമുക്ക് ഊഹിച്ചു നോക്കാവുന്നതേയുള്ളു.

പലവിധ ശോധനകൾ യോസേഫിനുണ്ടാകുന്നുവെന്ന് 39-ാം അദ്ധ്യായം മുതൽ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഇവിടെയൊന്നും പതറാതെ ദൈവത്തെ പൂർണ്ണമായി അനുസരിച്ച് ജീവിക്കുവാൻ ദൈവത്തിന്റെ കൃപ യോസേഫിന്റെ കൂടെയുണ്ടായിരുന്നു. തുടർന്നു വായിക്കുമ്പോൾ കാരാഗ്രഹത്തിന്റെ അകത്തുപോലും യോസേഫിനെ ദൈവം മാനിക്കുന്നതായി കാണുന്നു.

ഇതിൽ നിന്നും ദൈവത്തിന്റെ ആത്മാവ് നമുക്കു തരുന്ന ഒരു ദൂതു കൂടെയുണ്ട്. ദർശനമുള്ള ഒരു ദൈവപൈതലിനെ താളടിയാക്കിത്തീർക്കുവാനാണ് ശത്രുവിന്റെ ശ്രമം. എന്നാൽ സർവ്വശക്തനായ ദൈവം ഏതു പ്രതികൂലത്തിലും നമ്മെ മാനിക്കുവാൻ മതിയായവനാണ്. യോസേഫിന്റെ ജീവിതം തുടർന്നു നാം വായിക്കുമ്പോൾ കാണുന്നത്: യഹോവയായ ദൈവം അവന്റെ സകല കഷ്ടതയും നീക്കി അവൻ കണ്ട സ്വപ്നംപോലെ തന്നെ

തന്റെ സഹോദരന്മാരുടെ മദ്ധ്യത്തിൽ അവനെ ഏറ്റവുമധികം മാനിക്കുവാൻ ഇടയാക്കുന്നു.

ദേശത്തെല്ലാം ക്ഷാമം ഉണ്ടായപ്പോൾ തന്റെ സമീപത്തെത്തിയ സഹോദരന്മാർക്ക് വേണ്ടുവോളം ധാന്യം കൊടുത്തയക്കുന്ന യോസേഫിനെ നാം പിന്നീടു കാണുന്നുവല്ലോ. യോസേഫിന്റെ ഹൃദയത്തിൽ കഴിഞ്ഞകാലങ്ങളിൽ തന്റെ സഹോദരന്മാർ ചെയ്ത നീചപ്രവൃത്തികൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നും എല്ലാം ക്ഷമിക്കുകയും പൊറുക്കുകയും ചെയ്ത നല്ല മനോഭാവം മാത്രമെ തനിക്കുണ്ടായിരുന്നുള്ളുവെന്നും ഇതിൽ നിന്നും മനസ്സിലാക്കാം.

ഇവിടെ യോസേഫ് മുഖാന്തരം മിസ്രയീമ്യന്റെ ഭവനം മാത്രമല്ല ചുറ്റുമുണ്ടായിരുന്ന സകല ദേശത്തിനും തന്റെ ചാർച്ചക്കാർക്കും അനുഗ്രഹം ഉണ്ടാകുവാനിടയായി. യോസേഫിന്റെ ജീവിതത്തിലെ സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടി ദൈവത്തിന്റെ മുൻ നിർണ്ണയപ്രകാരമാണ് ഇതൊക്കെ സംഭവിച്ചത് എന്ന് യോസേഫിന് നല്ലവണ്ണം അറിയാമായിരുന്നു.

അങ്ങനെയെങ്കിൽ പ്രിയ ദൈവപൈതലേ ഇന്ന് നിന്റെ ജീവിതം ചില തള്ളപ്പെട്ട അവസ്ഥ, നിന്ദകൾ ഒക്കെ സഹിക്കുന്നുവെങ്കിൽ ആരെയും പഴി പറയേണ്ട കാര്യമില്ല. സകലവും ദൈവം നന്മക്കായിത്തീർക്കുമെന്ന് ഒരിക്കൽകൂടി ഉറച്ചുകൊള്ളുക. ഇന്നുള്ള ഏതു ബുദ്ധിമുട്ടിലും ദൈവനാമം മഹത്വപ്പെടുത്തി മാത്രം ജീവിക്കുവാൻ ശ്രമിക്കുക. അതിനായി സർവ്വ ശക്തനായ ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

1 പത്രോസ് 3:9

ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന് വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 017